**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60** **08-06-2021 - ൽ മറുപടിയ്ക്ക്**

**കെയർഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സഹകരണ സംഘങ്ങളെ കൂട്ടിയിണക്കി സഹകരണവകുപ്പ് കെയർഹോം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് കൈമാറിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | കെയർഹോം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2064 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി പ്രകാരം എത്ര തുകയാണ് അനുവദിക്കുന്നത്; പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമായി തുടരുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം നടത്തുന്നതിന് വീടൊന്നിന് 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഈ തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായവും, (ഉയർന്ന പ്രദേശങ്ങളിൽ-1,01,900/- രൂപയും, നിരപ്പായ പ്രദേശങ്ങളിൽ 95,100/- രൂപയും) ഉൾപ്പെടുന്നു. പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയ്ക്കു പുറമെ ഗുണഭോക്താക്കൾ അവരുടെ വിഹിതം നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. സഹകാരികൾ, സന്നദ്ധ സംഘടനകൾ, സുമനസ്സുകൾ തുടങ്ങിയവർ പണമായും നിർമ്മാണ സാമഗ്രികൾ ആയുംഅനുവദിക്കുന്ന സംഭാവനകളും ടി പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്. ഭൂപ്രകൃതി, മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ധർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 82 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി 63,55,972,/- രൂപയും തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന 16 വീടുകൾക്ക് 7,00,800/- രൂപയും ചേർത്ത് ആകെ 70,56,772/- രൂപ അധിക ധനസഹായമായി അതാത് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസ സ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. മറ്റു ജില്ലകളിൽ രണ്ടാം ഘട്ട പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. |
| (ഡി) | കെയർലോൺ പദ്ധതി പ്രകാരം പ്രളയബാധിതർക്ക് പലിശരഹിത വായ്പ അനുവദിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് എത്ര തുക വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | 07.09.2018 ലെ സ.ഉ(കൈ) 326/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ 85,661 അംഗങ്ങൾക്കായി 713.92 കോടി രൂപ കെയർലോൺ പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ